REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** **11-10-2024** **സമയം** **06.45 AM**

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി ലാവോസിൽ പത്തൊൻപതാമത് പൂർവ്വേഷ്യ ഉച്ചകോടിയിൽ ഇന്ന് പങ്കെടുക്കും.
- രാജ്യം നവരാത്രി ആഘോഷ നിറവിൽ. തിന്മയുടെ മേൽ നന്മയുടെ വിജയമായാണ് ദുർഗാപൂജ ആഘോഷിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.
- സംസ്ഥാനങ്ങൾക്ക് നികുതി വിഹിതമായി ഒരു ലക്ഷത്തി 78,173 കോടി രൂപ കേന്ദ്രം അനുവദിച്ചു. കേരളത്തിന് 3,430 കോടി രൂപ ലഭിക്കും.
- സ്വകാര്യഭൂമിയിലെ ചന്ദനമരങ്ങൾ വനം വകുപ്പ് മുഖേന വിൽപന നടത്തുന്നതിന് ഉടമകൾക്ക് അവകാശം നൽകുന്ന കരട് ബില്ലിന് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകി.
- ഇന്ന് അന്താരാഷ്ട്ര ബാലികാദിനം.
- വനിതാ ട്വന്റി- 20 ലോകകപ്പ് ക്രിക്കറ്റിൽ വെസ്റ്റ് ഇൻഡീസ്, ബംഗ്ലാദേശിനെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

ലാവോ പി ഡി ആറിലെ വിയന്റിയനിൽ നടക്കുന്ന പത്തൊൻപതാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ഉച്ചകോടിക്ക് മുന്നോടിയായി പ്രധാനമന്ത്രി ലാവോ പി.ഡി.ആർ പ്രസിഡന്റ് തോങ്‌ലൂൺ സിസൗലിത്തുമായി കൂടിക്കാഴ്ചയും നടത്തും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

…………<AUDIO>………

21-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിൽ പങ്കെടുത്ത ശേഷമാണ് പ്രധാനമന്ത്രി നരേന്ദ്രമോദി പത്തൊൻപതാമത് കിഴക്കൻ ഏഷ്യ ഉച്ചകോടിയിൽ പങ്കെടുക്കാൻ വിയന്റിയനിൽ എത്തുന്നത്.

പുതുതായി അധികാരമേറ്റ ജപ്പാൻ പ്രധാനമന്ത്രി ഷിഗെരു ഇഷിബയുമായി ഇന്നലെ നടത്തിയ ഉഭയകക്ഷി ചർച്ചയിൽ സമാധാനപരവും സുരക്ഷിതവും സമൃദ്ധവുമായ ഇന്തോ-പസഫിക് മേഖലയ്ക്ക് ഇന്ത്യയും ജപ്പാനും ഒഴിച്ചുകൂടാനാവാത്ത പങ്കാളികളാണെന്ന് ഇരുവരും എടുത്തു പറഞ്ഞു.

ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, പുനരുപയോഗ ഊർജ്ജം, വിദ്യാഭ്യാസം, കാർഷിക-സാങ്കേതികം, കായികം, ടൂറിസം, ബഹിരാകാശം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങി വിവിധ മേഖലകളിൽ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിന് മാർഗങ്ങൾ ഇരു പ്രധാനമന്ത്രിമാരും ചർച്ച ചെയ്തു.

വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, കൃഷി, കാലാവസ്ഥാ പ്രവർത്തനം എന്നിവയുൾപ്പെടെ നിരവധി മേഖലകളിൽ ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ പ്രയോജനപ്പെടുത്തുന്നതിന് സഹകരിക്കാൻ ഇന്ത്യയും ആസിയാൻ രാജ്യങ്ങളും തീരുമാനിച്ചതായി ഇന്ത്യ-ആസിയാൻ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

രാജ്യം നവരാത്രി ആഘോഷ നിറവിൽ. ക്ഷേത്രങ്ങളിലും വീടുകളിലും ഇന്നലെ വൈകിട്ട് പൂജ വയ്പ് ചടങ്ങുകൾ ആരംഭിച്ചു. നാളുകളുടെ ദൈർഘ്യത്തിൽ വന്ന മാറ്റം കാരണം സംസ്ഥാനത്ത് ഇത്തവണ പതിനൊന്നാം ദിവസമായ മറ്റന്നാളാണ് വിജയദശമി. വിജയദശമിനാളിൽ വിദ്യാരംഭം നടക്കും. പനച്ചിക്കാട്, ചോറ്റാനിക്കര, പൂജപ്പുര സരസ്വതീ മണ്ഡപം, ആറ്റുകാൽ ഭഗവതി ക്ഷേത്രം, കല്ലേക്കുളങ്ങര, തിരുവുള്ളക്കാവ് തുടങ്ങിയ ക്ഷേത്രങ്ങളിലും തിരൂർ തുഞ്ചൻപറമ്പിലും സാംസ്ക്കാരിക കേന്ദ്രങ്ങളിലും വിപുലമായ ചടങ്ങുകളാണ് നടക്കുക.

കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ ഇന്ന് മഹാനവമിയും നാളെ വിജയദശമിയും ആഘോഷിക്കും.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ദുർഗ്ഗാ പൂജയോടനുബന്ധിച്ച് എല്ലാ ഇന്ത്യക്കാർക്കും ആശംസ നേർന്നു.

തിന്മയുടെ മേൽ നന്മയുടെ വിജയമായാണ് ദുർഗാപൂജ ആഘോഷിക്കുന്നതെന്നും, ദുർഗ്ഗാ ദേവിയെ ശക്തിയുടെ പ്രതീകമായാണ് കണക്കാക്കുന്നതെന്നും രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. ഇത് ഭക്തിയുടെ ഉത്സവമാണ്,

ഈ ഉത്സവം, ദുർഗ്ഗാ ദേവിയിൽ പൂർണമായി സ്വയം അർപ്പിക്കുന്നതിനും എല്ലാ മതങ്ങളും തമ്മിൽ ഐക്യവും ധാരണയും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമാണെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

ഇന്നത്തെ പൊതു അവധി റേഷൻകടകൾക്കും ബാധകമാണെന്ന് മന്ത്രി ജി.ആർ. അനിൽ അറിയിച്ചു. കഴിഞ്ഞ ഒരു മാസക്കാലം മുൻഗണനാകാർഡുകളുടെ മസ്റ്ററിംഗ് നടപടികളുമായി റേഷൻകട ലൈസൻസികൾ സഹകരിച്ചതിന്റെ അടിസ്ഥാനത്തിലാണിതെന്നും, റേഷൻകടകളുടെ അടുത്ത പ്രവൃത്തി ദിവസം തിങ്കളാഴ്ച ആയിരിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

സംസ്ഥാനങ്ങൾക്ക് നികുതി വിഹിതമായി ഒരു ലക്ഷത്തി 78,173 കോടി രൂപ കേന്ദ്രം അനുവദിച്ചു. മുൻകൂർ ഗഡുവായ 89,086 കോടി 50 ലക്ഷം രൂപ ഉൾപ്പെടെയാണ് കേന്ദ്ര ധനമന്ത്രാലയം തുക അനുവദിച്ചത്. ഇതോടൊപ്പം മാസം തോറും നൽകുന്ന ഒക്ടോബറിലെ പതിവ് ഗഡുവും ഇതിലുൾപ്പെടുന്നതായി ധനമന്ത്രാലയം അറിയിച്ചു. കേരളത്തിന് 3,430 കോടി രൂപയാണ് ലഭിക്കുക.

വരാനിരിക്കുന്ന ഉത്സവ സീസൺ കണക്കിലെടുത്തും മൂലധനച്ചെലവ് ത്വരിതപ്പെടുത്തുന്നതിന് സംസ്ഥാനങ്ങളെ സഹായിക്കുന്നതിനും വികസന/ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾക്ക് ധനസഹായം ഉറപ്പുവരുത്തുന്നതിനുമാണ് തുക അനുവദിച്ചതെന്നും മന്ത്രാലയം വിശദീകരിച്ചു.

✪✪✪

സ്വകാര്യഭൂമിയിലെ ചന്ദനമരങ്ങൾ വനം വകുപ്പ് മുഖേന വിൽപന നടത്തുന്നതിന് ഉടമകൾക്ക് അവകാശം നൽകുന്ന കരട് ബില്ലിന് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകി. ചന്ദനമരം വച്ചുപിടിപ്പിക്കാമെങ്കിലും അവ വിൽപ്പന നടത്തുന്നതിന് നിലവിൽ

നിയമത്തിൽ വ്യവസ്ഥയില്ല. ചന്ദനമരം മോഷണം പോയാൽ സ്ഥലമുടമയ്ക്കെതിരെ കേസെടുക്കുകയും ചെയ്യും. ഈ അവസ്ഥമാറ്റി ചന്ദനമരം വെച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ഉടമകൾക്ക് വൻതുക വരുമാനം ഉണ്ടാക്കുന്നതിനും ചന്ദനമോഷണം കുറയ്ക്കുന്നതിനും ഭേദഗതി സഹായകമാകുമെന്ന് മന്ത്രി A.K ശശീന്ദ്രൻ അറിയിച്ചു.

എന്നാൽ പട്ടയ വ്യവസ്ഥകൾ പ്രകാരം ഗവൺമെന്റിലേക്ക് റിസർവ്വ് ചെയ്ത ചന്ദനമരങ്ങൾ മുറിച്ച് വിൽപ്പന നടത്താൻ അനുമതിയില്ല. ഇതിന് പട്ടയം നൽകുന്നത് സംബന്ധിച്ച റവന്യൂ നിയമങ്ങളും പട്ടയത്തിലെ ഇത്തരം നിബന്ധനകളും ഭേദഗതി ചെയ്യേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

വനത്തിൽ പ്ലാസ്റ്റിക് ഉൾപ്പെടെ മാലിന്യങ്ങൾ വലിച്ചെറിയൽ, വന്യമൃഗങ്ങളെ ശല്യപ്പെടുത്തൽ, ജലാശയങ്ങളിൽ വിഷം ചേർത്തും മറ്റ് വിധത്തിലും അനധികൃതമായി മത്സ്യം പിടിക്കൽ എന്നിവ തടയുന്നതിനും ബില്ലിൽ വ്യവസ്ഥയുണ്ടെന്ന് ശശീന്ദ്രൻ പറഞ്ഞു.

✪✪✪

ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ അർഹരായ 6201 പുതിയ ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്താനും മന്ത്രിസഭ തീരുമാനിച്ചു. മറ്റേതെങ്കിലും പെൻഷൻ വാങ്ങുന്നവർക്ക് അർഹതയുണ്ടാവില്ല.

അടുത്ത വർഷത്തെ പൊതു അവധികളും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം അവധികളും മന്ത്രിസഭ അംഗീകരിച്ചു.

തിരുവനന്തപുരം കിഴക്കേകോട്ട റോഡ് വികസനത്തിന്റെ ഭാഗമായി കുടിയൊഴിക്കപ്പെട്ട 20 തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തും.

കേരളത്തിലെ പട്ടിക വർഗ്ഗ ലിസ്റ്റിൽ കളനാടി സമുദായത്തെ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് കൈമാറാനും മന്ത്രിസഭ തീരുമാനിച്ചു.

✪✪✪

റവന്യു വകുപ്പിൽ സമ്പൂർണ ഡിജിറ്റൽ സേവനം ഉറപ്പു വരുത്തുമെന്ന് മന്ത്രി K രാജൻ പറഞ്ഞു. റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന പുതിയ 12 ഇ-സേവനങ്ങളുടെ ഉദ്ഘാടനം തിരുവനന്തപുരത്ത്

നിർവഹിക്കുകയായിരുന്നു മന്ത്രി. റവന്യു ഇ-സർവീസുകൾ മൊബൈൽ ആപ്പിലൂടെ ലഭ്യമാകുന്നതിനു നടപടി അന്തിമ ഘട്ടത്തിലാണെന്നും മന്ത്രി അറിയിച്ചു.

ജന്മിത്തവുമായി ബന്ധപ്പെട്ട എല്ലാ കേസുകളും അവസാനിപ്പിക്കുന്നതിനു ശ്രമം നടത്തിവരികയാണെന്നും മന്ത്രി പറഞ്ഞു. 2022 നവംബർ ഒന്നിന് ആരംഭിച്ച ഡിജിറ്റൽ റീസർവേ നാല് ലക്ഷത്തി 85,000 ഹെക്ടറിൽ പൂർത്തിയാക്കിയെന്നും രാജൻ അറിയിച്ചു.

✪✪✪

ഇന്ന് അന്താരാഷ്ട്ര ബാലികാ ദിനം. ലിംഗസമത്വം, വിദ്യാഭ്യാസം, പെൺകുട്ടികൾക്കു അവസരങ്ങൾ എന്നിവയുടെ പ്രാധാന്യം എടുത്തുകാണിക്കുന്നതിനാണ് ദിനാചരണം. ഭാവിയിലേക്ക് പെൺകുട്ടികളുടെ കാഴ്ചപ്പാട് എന്നതാണ് ഈ വർഷത്തെ ദിന പ്രമേയം.

പെൺകുട്ടികൾക്ക് അഭിവൃദ്ധി പ്രാപിക്കാൻ കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ ദിവസം. ലോകത്ത് 20 നും 24 നും ഇടയിൽ പ്രായക്കാരായ അഞ്ച് യുവതികളിൽ ഒരാൾ കുട്ടിയായിരിക്കെ വിവാഹിതരാവുന്നുണ്ടെന്നും, കൗമാരപ്രായക്കാരായ പെൺകുട്ടികളിൽ മൂന്നിലൊരാൾ വിളർച്ച അനുഭവിക്കുന്നുണ്ടെന്നും യൂണിസെഫിന്റെ ഗവേഷണത്തിൽ കണ്ടെത്തി.

ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ, ഉഡാൻ, സുകന്യ സമൃദ്ധി യോജന തുടങ്ങി പെൺകുട്ടികളെ ശാക്തീകരിക്കാൻ ഗവൺമെന്റ് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

✪✪✪

വികസന വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ചികിത്സയോടൊപ്പം അങ്കണവാടികളിൽ പ്രവേശിപ്പിക്കുന്നതിന് വനിത ശിശുവികസന വകുപ്പ് അനുമതി നൽകിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. രണ്ടിനു മൂന്നിനുമിടയിൽ പ്രായക്കാരായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ചികിത്സയോടൊപ്പം അങ്കണവാടികളിൽ പ്രവശിപ്പിക്കുന്നത് അവരുടെ സാമൂഹിക - മാനസിക വികസനം സാധ്യമാകാൻ വളരെ പ്രയോജനകരമാകുമെന്ന് ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ഉൾപ്പെടെ കണ്ടെത്തിയതിനെ തുടർന്നാണ് നടപടിയെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

ഓട്ടിസം, സംസാര-ഭാഷാ വികസന പ്രശ്നങ്ങൾ മുതലായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ നേരത്തെ കണ്ടെത്തി വേണ്ട ഇടപെടലുകൾ നടത്തുന്നത് അവരുടെ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

ഇത്തരം കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം സമയം ചെലവഴിക്കാൻ അനുവദിച്ചാൽ ഇവർക്ക് മറ്റ് കുട്ടികൾ ചെയ്യുന്ന കാര്യങ്ങൾ കാണുന്നതിനും അവ അനുകരിക്കുന്നതിനും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും സാധിക്കുമെന്നും കണ്ടെത്തിയതിനെ തുടർന്നാണ് നടപടിയെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

കേരളത്തിലെ സഹകരണമേഖലയിലെ ഭരണം കയ്യാളിയ മൂന്ന് പാർട്ടികളും ഊറ്റിക്കുടിച്ചത് ജനങ്ങളുടെ ചോരയാണെന്നും, അതിനു ലഭിച്ച ശിക്ഷയാണ് തന്റെ വിജയമെന്നും കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. സ്വന്തം തോൽവിയുടെ കാരണത്തെക്കുറിച്ച് അന്വേഷിക്കാതെ മറ്റുള്ളവരുടെ വിജയത്തെക്കുറിച്ച് അന്വേഷിക്കുന്നത് പ്രയോജനരഹിതവും വിചിത്രവുമാണെന്നും അദ്ദേഹം പറഞ്ഞു. കൊല്ലം പൗരാവലി നൽകിയ സ്വീകരണസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു സുരേഷ് ഗോപി.

✪✪✪

സാമൂഹിക പുരോഗതിയും ജനജീവിതനിലവാര വർദ്ധനയും ലക്ഷ്യമിട്ടാണ് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നൂതന ശാസ്ത്ര സാങ്കേതിക വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. APJ അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ആരംഭിക്കുന്ന സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് സെന്ററിന്റേയും പഠന വകുപ്പുകളുടേയും ഉദ്ഘാടനം തിരുവനന്തപുരം നാലാഞ്ചിറയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

വനിതാ ട്വന്റി- 20 ലോകകപ്പ് ക്രിക്കറ്റിൽ ഷാർജയിൽ വെസ്റ്റ് ഇൻഡീസ് എട്ട് വിക്കറ്റിന് ബംഗ്ലാദേശിനെ പരാജയപ്പെടുത്തി. ഇന്ന് നിലവിലെ ചാമ്പ്യൻമാരായ ഓസ്ട്രേലിയ, പാക്കിസ്ഥാനെ നേരിടും. രാത്രി ഏഴരയ്ക്ക് ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കാലിക്കറ്റ് സർവകലാശാല സ്റ്റേഡിയത്തിൽ 68-ാമത് സംസ്ഥാന ജൂനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ആദ്യദിനം എറണാകുളത്തിന്റെ കുതിപ്പ്.

അഞ്ച് ഇനങ്ങളിൽ ഫൈനലുകൾ പൂർത്തിയായപ്പോൾ രണ്ടു സ്വർണം, മൂന്നു വെള്ളി എന്നിവ നേടി 32 പോയിന്റോടെയാണ് എറണാകുളം മുന്നിലെത്തിയത്. 25 പോയിന്റുമായി കഴിഞ്ഞ വർഷത്തെ ചാമ്പ്യൻമാരായ പാലക്കാടാണ് രണ്ടാം സ്ഥാനത്ത്. 14 പോയിന്റ് നേടി കോട്ടയമാണ് മൂന്നാമത്.

അണ്ടർ 20 പുരുഷ 10,000 മീറ്ററിൽ പാലക്കാടിന്റെ കെ.കെ. അജയ്, അണ്ടർ 20 പെൺകുട്ടികളുടെ 3,000 മീറ്ററിൽ എറണാകുളത്തിന്റെ ദേവിക ബെന്നിയും സ്വർണം നേടി. അണ്ടർ 20 പെൺകുട്ടികളുടെ ഹാമർത്രോയിൽ ആലപ്പുഴയുടെ ആഷ്‌ലി ത്രേസ്യയും ആൺകുട്ടികളുടെ ഷോട്ട്പുട്ടിൽ കാസർഗോഡിന്റെ കെ.സി. സർവാനും സ്വർണം കരസ്ഥമാക്കി. അണ്ടർ 20 പെൺകുട്ടികളുടെ ലോംഗ്ജംപിൽ എറണാകുളത്തിന്റെ ജാനിസ് ട്രീസ റെജിയ്ക്കാണ് സ്വർണം .

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ ഈ സീസണിലെ കേരളത്തിന്റെ ആദ്യ മത്സരം ഇന്ന്. എലൈറ്റ് ഗ്രൂപ്പ് സിയിൽ കേരളം ഇന്ന് പഞ്ചാബിനെ നേരിടും. തിരുവനന്തപുരം തുമ്പ സെന്റ് സേവിയേഴ്സ് കോളജിൽ രാവിലെ 9-30 ന് മത്സരം ആരംഭിക്കും.

✪✪✪

ദുരന്തലഘൂകരണവും കാലാവസ്ഥ വ്യതിയാനവും മുൻനിർത്തി കാസർഗോഡ് വലിയപറമ്പ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് അന്താരാഷ്ട്ര അംഗീകാരം. ഈ മാസം 14 മുതൽ 18 വരെ ഫിലിപ്പൈൻസിലെ മനിലയിൽ നടക്കുന്ന ഏഷ്യാ പസിഫിക് മിനിസ്റ്റീരിയൽ കോൺഫറൻസ് ഓൺ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ സമ്മേളനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് വി വി സജീവൻ അംഗീകാരം എറ്റുവാങ്ങും.

✪✪✪

ഗുണ്ടാ തലവൻ ഓംപ്രകാശ് ഉൾപ്പെട്ട ലഹരി കേസുമായി ബന്ധപ്പെട്ട് നടി പ്രയാഗ മാർട്ടിനെ പോലീസ് ചോദ്യം ചെയ്തു. ഇന്നലെ രാത്രിയാണ് അവർ പോലീസിനു മുന്നിൽ ഹാജരായത്. നടൻ ശ്രീനാഥ് ഭാസിയെ

അഞ്ചു മണിക്കൂറോളം പോലീസ് ചോദ്യം ചെയ്തിരുന്നു. കൊച്ചിയിലെ മുന്തിയ ഹോട്ടലിൽ തങ്ങിയിരുന്ന ഓംപ്രകാശിന്റെ മുറിയിൽ ശ്രീനാഥ് ഭാസിയും, നടി പ്രയാഗ മാർട്ടിനും വന്നിരുന്നതായി കണ്ടെത്തിയതിനെ തുടർന്നാണ് ഇരുവരെയും ചോദ്യം ചെയ്യുന്നതിനായി പോലീസ് വിളിപ്പിച്ചത്.

✪✪✪

സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ എറണാകുളം ജില്ലാ തല സിറ്റിങിൽ പരിഗണിച്ച അഞ്ചു പരാതികളിൽ, രണ്ടെണ്ണം തീർപ്പാക്കി. മൂന്നു പരാതികൾ വിശദമായ വാദം കേൾക്കുന്നതിനായി അടുത്ത സിറ്റിംംഗിലേക്ക് മാറ്റി. കമ്മീഷനംഗം എ.സെയ്ഫുദ്ദീൻ ഹാജിയുടെ അദ്ധ്യക്ഷതയിലാണ് ഹർജികൾ പരിഗണിച്ചത്.

✪✪✪

കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലെ കോളജുകളിൽ ഇന്നലെ നടന്ന യൂണിയൻ തെരഞ്ഞെടുപ്പിൽ വിജയം അവകാശപെട്ട് ഭരണ പ്രതിപക്ഷ വിദ്യാർഥി സംഘടനകൾ.

ദുഷ്പ്രചാരണങ്ങൾക്ക് വിദ്യാർഥി സമൂഹം നൽകിയ മറുപടിയാണ് തിരഞ്ഞെടുപ്പ് ഫലമെന്ന് SFI നേതാക്കൾ പ്രസ്താവനയിൽ പറഞ്ഞു. സംസ്ഥാന ഗവൺമെന്റിനെതിരായ വിദ്യാർത്ഥി വികാരവും SFI യുടെ അക്രമരാഷ്ട്രീയത്തിന് ക്യാമ്പസുകൾ നൽകിയ മറുപടിയുമാണ് KSU നേടിയ ഉജ്ജ്വല വിജയമെന്ന് സംസ്ഥാന പ്രസിഡണ്ട് അലോഷ്യസ് സേവ്യർ പറഞ്ഞു.

✪✪✪